മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) മേയ് മാസത്തിൽ നറുക്കെടുക്കപ്പെട്ടതായ പത്താമത്തെ ഭാഗ്യക്കുറിയിൽനിന്ന് 19,79,000 (പത്തൊൻപതു ലക്ഷത്തി എഴുപത്തി ഒൻപതിനായിര)ത്തിൽ പരം രൂപയും, ജൂൺ മാസത്തിൽ നറുക്കെടുക്കപ്പെട്ടതായ പതിനൊന്നാമത്തെ ഭാഗ്യക്കുറിയിൽനിന്നും 13,88,000 (പതിമൂന്നലക്ഷത്തി എൺപത്തി എണ്ണായിര)ത്തിൽപരം രൂപയും അറ്റാദായമായി ലഭിച്ചിട്ടുണ്ട്.

(ബി) കാവാണ്.

(സി) 4300-ൽ പരം (നാലായിരത്തി മുന്നൂറിൽപരം) സജീവ എജന്റന്മാർ പ്രവത്തിക്കുന്നുണ്ട്.

അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ

* 75. [190] ശ്രീ. കെ. ടി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയാരോപണവിധേയരായ എത്രയെല്ലാം മന്ത്രിമാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ട് ;

(ബി) ശ്രീ. പി. കെ. കുഞ്ഞിനെ ഒഴിച്ച് അഴിമതിയാരോപണമുണ്ടായിട്ടുള്ള മറ്റു മന്ത്രിമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) കേരള ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞിനെതിരായി ഉണ്ടായ അഴിമതിയാരോപണത്തെപ്പറ്റി അന്വേഷിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി, സി) ആരോഗ്യമന്ത്രി, വനവും ഹരിജനക്ഷേമവും വകുപ്പുമന്ത്രി എന്നിവരെപ്പറ്റി അഴിമതിയാരോപണങ്ങൾ പരിശോധിച്ചു. അവരുടെ മേൽപ്പറഞ്ഞ ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സില്ലെന്നു കണ്ടതിനാൽ യാതൊന്നും ചെയ്യേണ്ടതില്ലെന്നു നിശ്ചയിച്ചു.

സംസ്ഥാന ഗവണ്മെൻറുകളുടെ സാമ്പത്തികമാർഗ്ഗങ്ങൾ

* 76. [202] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവണ്മെൻറുകളുടെ സാമ്പത്തിക മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഈ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്നറിയാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) കേന്ദ്രഗവണ്മെൻറിൽനിന്നും കൂടുതൽ അധികാരങ്ങളും ധനാഗമമാർഗ്ഗങ്ങളും കിട്ടുന്നതിനു വേണ്ടി കോൺഗ്രസ്സേതര സംസ്ഥാനഗവണ്മെൻറുകളുമായി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ യോജിച്ച നടപടികളെന്തെങ്കിലും സ്വീകരിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly